# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 101, 30.11.2015 ൽ മറുപടിയ്ക്ക്

### 'പെൻഷൻ പ്രായം'

| ചോദ്യം<br>ശ്രീ.ടി.വി.രാജേഷ് | | ഉത്തരം<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ.ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമാണ് ഉയർത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ? | സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ ഏകീകരണം ഒഴിവാക്കുകയും ഡോക്ടർമാരുടെയും ഫാർമസി കോളേജ്, നഴ്സിംഗ് കോളേജ്, സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെയും അഗ്രിക്കൾച്ചർ ഇൻകം ടാക്സ് സെയിൽ ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറുടെയും പെൻഷൻ പ്രായം താഴെ പറയും പ്രകാരം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>(1) 26.03.2012 ലെ സ.ഉ (അ) നം.183/2012/ധന ഉത്തരവ് പ്രകാരം പൊതുവായി സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരണം ഒഴിവാക്കി 56 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.<br>(2) 31.10.2014 ലെ സ.ഉ (അ) നം. 469/2014/ധന ഉത്തരവ് പ്രകാരം 01.04.2013 നോ അതിനു ശേഷമോ സർക്കാർ സർവ്വീസിൽ പ്രവേശിച്ച് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | (3) 30.03.2012 ലെ സ. ഉ (കൈ)നം.105/ 2012/എച്ച്& എഫ്.ഡബ്ല്യൂ.ഡി പ്രകാരം സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെ ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു.<br>(4) 07.04.2012 ലെ സ. ഉ (കൈ) നം.107/ 2012/എച്ച്& എഫ്.ഡബ്ല്യൂ.ഡി പ്രകാരം ആയുർവേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു.<br>(5) 09.04.2012 ലെ സ.ഉ (കൈ)നം.108/ 2012/എച്ച്&എഫ്.ഡബ്ല്യൂ.ഡി പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു.<br>(6) 26.02.2014 ലെ സ. ഉ (കൈ) നം.31/ 2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസായി വർദ്ധിപ്പിച്ചു.<br>(7) 27.06.2014 ലെ സ. ഉ (കൈ)നം.74/ 2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസായി വർദ്ധിപ്പിച്ചു.<br>(8) 04.01.2014 ലെ സ.ഉ (കൈ) നം.8/2014/ ആ.കു.വ പ്രകാരം സർക്കാർ നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.<br>(9) 30.04.2014 ലെ സ.ഉ (കൈ) നം.131/ 2014/ആ.കു.വ പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.<br>(10) 30.05.2014 ലെ സ.ഉ (കൈ) നം.160/2014/ആ.കു.വ പ്രകാരം സർക്കാർ ഫാർമസി കോളേജുകളിലെ ഫാർമസി |

| | | |
|---|---|---|
| | | അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.<br>(11) 28.07.2012 ലെ സ.ഉ (കൈ ) നം.134/ 2012/റ്റി.ഡി പ്രകാരം അഗ്രിക്കൾച്ചർ ഇൻകം ടാക്സ് സെയിൽ ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു. |

**സെക്ഷൻ ഓഫീസർ**